കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. എന്നാൽ ദാരിദ്ര്യരേഖാ സെൻസസ്സ് ലിസ്റ്റിന് അന്തിമ രൂപം നൽകരുതെന്ന സുപ്രീംകോടതി നിർദ്ദേശമുള്ളതിനാൽ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് സുപ്രീംകോടതി അനുമതി നൽകുന്ന മുറയ്ക്ക് കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അർഹരായവരെ ഉൾപ്പെടുത്തി പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

തെരുവ് നായ്ക്കളെ കൊല്ലരുതെന്നുള്ള നിയമം മാറ്റാൻ നടപടി

59 [1746] *ശ്രീ. തോമസ് ഉണ്ണിയാടൻ:*

„ *സ്റ്റീഫൻ ജോർജ്ജ്:*

„ *ജോസഫ് എം. പുതുശ്ശേരി:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളെ കൊല്ലരുതെന്നുള്ള നിയമം സംസ്ഥാനത്തിനാകെ കടുത്ത ഭീഷണിയാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ ജനസാന്ദ്രതയേറിയ കേരളത്തിൽ പേപ്പട്ടി ഭീഷണി ഇതര സംസ്ഥാനങ്ങളുടേതിനേക്കാൾ കൂടുതലാണെന്നത് കണക്കിലെടുത്ത് ഈ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുമോ;

(സി) പേവിഷബാധയേറ്റ് സംസ്ഥാനത്ത് പ്രതിവർഷം മരണ സംഖ്യ പെരുകുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇരുചക്ര വാഹനാപകടങ്ങൾക്ക് പ്രധാന കാരണം തെരുവിൽ അലയുന്ന നായ്ക്കളാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) തെരുവിൽ അലയുന്ന നായ്ക്കൾ കാരണം ഇരുചക്ര വാഹനാപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly